**കേരള സർക്കാർ**

<u>സംഗ്രഹം</u>

23799/16

**തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്- നഴ്സിംഗ് സ്റ്റാഫിന്റെ കോമ്പൻസേഷൻ അവധി - സ്പഷ്ടീകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

**സ.ഉ.(കൈ) നം.179/2016/തൊഴിൽ** **തിരുവനന്തപുരം, തീയതി:10.11.2016**

---

പരാമർശം:- 1) സ.ഉ.(കൈ) നം.28/2009/തൊഴിൽ, തീയതി, 26/02/2009
2) സ.ഉ.(കൈ) നം.142/2015/തൊഴിൽ, തീയതി, 23/09/2015
3) സ.ഉ.(കൈ) നം.02/2016/തൊഴിൽ, തീയതി, 07/01/2016
4) കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ സെക്രട്ടറി ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിക്ക് നൽകിയ 29.09.2016-ലെ നിവേദനം.
5) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 20/10/2016-ലെ ബി2-1795/2016/ഡി.ഐ.എം.എസ്. നമ്പർ കത്ത്.

### <u>ഉത്തരവ്</u>

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ നഴ്സിംഗ് സ്റ്റാഫിന് ജോലിചെയ്യുന്ന മൊത്തം അവധി ദിവസങ്ങൾക്കും പകരമായി കോമ്പൻസേഷൻ അവധി അനുവദിച്ച് പരാമർശം-1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇത് പിന്നീട് 22 ദിവസമായി നിജപ്പെടുത്തി പരാമർശം-2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പുന:പരിശോധിക്കണമെന്നുള്ള നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പുന:പരിശോധിച്ചിരുന്നു. നഴ്സിംഗ് ജീവനക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന കടമകളും ഉത്തരവാദിത്തങ്ങളും വകുപ്പിലെ മറ്റ് ജീവനക്കാരുടേതിൽനിന്നും വ്യത്യസ്തമായതിനാൽ, വകുപ്പിലെ നഴ്സിംഗ് സ്റ്റാഫിന്റെ ജോലിയുടെ പ്രത്യേക സ്വഭാവം കണക്കിലെടുത്ത്, ടി ജീവനക്കാർ 22 ൽ കൂടുതൽ പൊതു അവധി ദിനങ്ങളിൽ ( ഞായർ ഒഴികെ) ജോലി ചെയ്യുന്ന പക്ഷം അത്രയും ദിവസത്തെ കോമ്പൻസേഷൻ അവധി കൂടി ടി ജീവനക്കാർക്ക് അനുവദിച്ചുനൽകി പരാമർശം-3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം-3 ലെ ഉത്തരവിൽ അവ്യക്തതയുണ്ടെന്നും ആയതിനാൽ പരാമർശം-1 ലെ ഉത്തരവിൻ പ്രകാരമുള്ള കോമ്പൻസേഷൻ അവധി പുനഃസ്ഥാപിക്കണമെന്നും കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ സെക്രട്ടറി പരാമർശം- 4 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. സൂചന-3 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(i) നഴ്സസ് വിഭാഗം ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം, ഡ്യൂട്ടി ചെയ്യുന്ന

(ii) ഒരു പൊതു അവധി ദിവസം ഞായറാഴ്ച ആകുന്ന പക്ഷവും, അന്ന് ഒരു നഴ്സസ് വിഭാഗം ജീവനക്കാരൻ ഡ്യൂട്ടി ചെയ്യുന്ന പക്ഷവും ടി ജീവനക്കാരന് കോമ്പൻസേഷൻ അവധിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(iii) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിൽ വരുന്ന ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ മാത്രം നഴ്സസ് വിഭാഗം ജീവനക്കാർക്ക് ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ/ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർ കോമ്പൻസേഷൻ അവധി അനുവദിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
പി.കെ. സീതാലക്ഷ്മി അമ്മ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ സെക്രട്ടറി, കേരളാ ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ, തിരുവനന്തപുരം ജില്ലാ കമ്മിറ്റി, രജി നം.26080/57-15A/68, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഡി.ബി.സെൽ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>മേലെഴുത്ത് കത്ത് നം. ബി2-1795/2016/ഡി.ഐ.എം.എസ് തീയതി 19-11-2016.</u>

ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി.

സ്വീകർത്താവ്

1. 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ
2. ആശുപത്രി സൂപ്രണ്ടുമാർ.
3. ഇ-ഗവേണൻസ് സെക്ഷൻ
4. ഫയൽ / സ്റ്റോക്ക് ഫയൽ